(ഡി) പ്ലേറ്റ് മേക്കിംഗ് സെക്ഷനിൽ പ്ലേറ്റ് ഡെവലപ്പർ ഫിക്സിംഗ് സൊല്യൂഷൻ ഇന്റൻസിഫയർ, റെഡ്യൂസർ എന്നിവയും പ്രിന്റിംഗ് സെക്ഷനിൽ അച്ചടി മഷി, ഡാമ്പിംഗ് സൊല്യൂഷൻ, ഇമേജ് റിമൂവർ, ആസിഡ്, പ്ലേറ്റ് ക്ലീനിംഗ് സൊല്യൂഷൻ, ബ്ലാങ്കറ്റ് ക്ലീനിംഗ് സൊല്യൂഷൻ, ബ്ലാങ്കറ്റ് ലിഫ്റ്റ്, ബ്ലാങ്കറ്റ് റിവൈവിംഗ് സൊല്യൂഷൻ എന്നിവയും ബൈന്റിംഗ് സെക്ഷനിൽ കോപ്പർ സൾഫേറ്റ് ഗോൾഡ് പൗഡർ, ഹോട്ട് മെറ്റൽ ഗ്ലൂ എന്നിവയും ഉപയോഗിക്കുന്നുണ്ട്.

(ഇ) അച്ചടിവകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇപ്പോൾ ഈയം ഉപയോഗിക്കുന്നില്ല എന്നതിനാൽ പാൽ/പാൽബത്ത അനുവദിക്കുന്നതിന് അടിസ്ഥാനമില്ലെന്നും ഈ ഉത്തരവ് പുനഃപരിശോധിക്കണമെന്നുമുള്ള അക്കൗണ്ടന്റ് ജനറലിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അച്ചടി വകുപ്പിലെ പാൽ വിതരണം നിർത്തലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

അച്ചടി വകുപ്പിലെ ജീവനക്കാർക്കുള്ള അലവൻസ് കുടിശ്ശിക

207 (3183) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് അധികജോലി ചെയ്ത വകയിൽ എന്ന് മുതൽക്കുള്ള അലവൻസ് കുടിശ്ശികയുണ്ട് ;

(ബി) ഇത് എത്ര രൂപ വരും എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത രൂപ ജീവനക്കാർക്ക് എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008 മുതലുള്ള അലവൻസ് കുടിശ്ശിക നൽകാനുണ്ട്.

(ബി) ഏകദേശം 6 കോടി രൂപയോളം വരും. കൃത്യമായ തുക എല്ലാ ബ്രാഞ്ച് പ്രസ്സുകളിൽനിന്നും ശേഖരിച്ചുവരുന്നു.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഓവർടൈം കുടിശ്ശിക നൽകുന്നതാണ്.

സർക്കാർ പ്രസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ

208 (3184) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രിന്റിംഗ് വകുപ്പിന് എവിടെയെല്ലാമാണ് പ്രസ്സുകൾ ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി 2011-12 മുതൽ 2014-15 വരെ എത്ര തുകയാണ് അനുവദിച്ചത് ;

(സി) ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) സർക്കാർ പ്രസ്സുകളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം അഴിമതികൾ നടന്നതായി സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) അച്ചടി വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ 4 പ്രസ്സുകളും കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ ഓരോ പ്രസ്സുകളുമാണ് നിലവിലുള്ളത്.

(ബി) 2011-12 മുതൽ 2014-15 വരെ '2058-00-103-97 അച്ചടിയന്ത്ര സാമഗ്രികൾ വാങ്ങലും സ്ഥാപിക്കലും/സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം' എന്ന ശീർഷകത്തിൽ ചുവടെ ചേർക്കുംപ്രകാരം ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നു :

വർഷം	അനുവദിച്ച വിഹിതം
2011-12	4,00,00,000 രൂപ
2012-13	5,87,00,000 രൂപ
2013-14	5,50,00,000 രൂപ
2014-15	5,75,00,000 രൂപ

(സി) വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ഡി) നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള [illegible] സി&എ.ജി. കണ്ടെത്തിയതായ റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

* [illegible]

LIBRARY ARCHIVES Kerala Legislative Assembly